"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണം - തലസ്ഥാന നഗര വികസന പദ്ധതി - പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡ് വികസനം - എൽ.എ.ആർ 128/2010-ന്മേലുള്ള ബാലൻസ് തുക കക്ഷിയ്ക്ക് അനുവദിക്കുന്നതിന് - ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1011/2024/LSGD തീയതി,തിരുവനന്തപുരം, 10-06-2024

പരാമർശം:-

1. സ.ഉ.(അച്ചടി) നം.32/2019/ധന തീയതി 18/03/2019
2. ബഹു. തിരുവനന്തപുരം സബ് കോടതിയുടെ എൽ.എ.ആർ 128/2010-ന്മേലുള്ള 13.03.2014 തീയതിയിലെ വിധിന്യായം.
3. WP(C)No.42040/2023-ന്മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 12.01.2024-ലെ ഇടക്കാല ഉത്തരവ്.
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 24.01.2024 തീയതിയിലെ DCTVM/374/2024-K9 നമ്പർ കത്ത്.
5. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 30.01.2024-ലെ തീയതിയിലെ എ3/538/2010/ട്രിഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡ് വികസനത്തിനായി തൈക്കാട് വില്ലേജിൽ ശ്രീ. എൻ.വേലായുധൻ പിള്ളയുടെ ഉടമസ്ഥതയിലുണ്ടായിരുന്നതും സർവ്വേ നമ്പർ 2197 (LA.Re.Sy No.2197/6)-ൽപ്പെട്ടതുമായ 0.16 ആർ സ്ഥലം ഏറ്റെടുക്കുകയുണ്ടായി. അതുമായി ബന്ധപ്പെട്ട എൽ.എ.ആർ.128/2010 നമ്പർ കേസിൽ തുക അനുവദിക്കുന്നതിലേക്ക്, കക്ഷി ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന WP(C)No.42040/2023-ലെ പരാമർശം (3) ഉത്തരവ് പരിഗണിച്ച് 31/03/24 വരെയുള്ള തുകയായ 47,21,190/- രൂപ അടിയന്തിരമായി അനുവദിക്കണമെന്ന് പരാമർശം (4), (5) എന്നിവ പ്രകാരം യഥാക്രമം ജില്ലാ കളക്ടറും ട്രിഡ സെക്രട്ടറിയും അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡ് വികസനത്തിനായി ശ്രീ.എൻ.വേലായുധൻ പിള്ളയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന 0.16 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.128/2010 നമ്പർ കേസിൽ, പരാമർശം (1)-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ ബാലൻസ് വിധിക്കടത്തുകയായ 47,21,190/- രൂപ (നാൽപ്പത്തി ഏഴ് ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി നൂറ്റി തൊണ്ണൂറ് രൂപാ മാത്രം) കക്ഷിയായ ശ്രീ.എൻ.വേലായുധൻ പിള്ളയ്ക്ക്

"4217-60-800-93-Payment of compensation in LAR cases" എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
സെക്ഷൻ ഓഫീസർ
Date: 11-06-2024 13:40:37